2024
JANUARY
18
THURSDAY
Special Issue-e Paper

# സൊസൈറ്റി ടുഡേ

E-mail: societytodaynews@gmail.com

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ലക്ഷ്യം സമുദ്രശക്തി വർധിപ്പിക്കൽ: പ്രധാനമന്ത്രി

**കൊച്ചി:** ഇന്ത്യ ഇന്ന് ആഗോള വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായി മാറുമ്പോൾ, രാജ്യത്തിന്റെ സമുദ്രശക്തി വർധിപ്പിക്കുന്നതിനാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കൊച്ചി കപ്പൽശാലയിലെ പുതിയ ഡ്രൈ ഡോക്ക്, കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള സിഎസ്എലിന്റെ അന്താരാഷ്ട്ര കേന്ദ്രം, പുതുവൈപ്പിനിലെ ഐ.ഒ.സിയുടെ എൽപിജി ഇറക്കുമതി ടെർമിനൽ എന്നിവ രാജ്യത്തിന് സമർപ്പിച്ചു സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.തുറമുഖങ്ങൾ, കപ്പൽവ്യാപാരം, ഉൾനാടൻ ജലപാതാ മേഖലകളിൽ 'വ്യാപാരനടത്തിപ്പു സുഗമമാക്കൽ' മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ 10 വർഷത്തിനിടെ നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കി.ആഗോളവ്യാപാരത്തിൽ ഇന്ത്യയുടെ സാധ്യതയും സ്ഥാനവും ലോകം തിരിച്ചറിയുന്നു. സമുദ്രവുമായി ബന്ധപ്പെട്ട അമൃതകാലവീക്ഷണം അവതരിപ്പിക്കുന്നത് വികസിത ഭാരതത്തിനായി ഇന്ത്യയുടെ സമുദ്ര വൈദഗ്ധ്യത്തിനു കരുത്തേകുന്നതിനുള്ള മാർഗരേഖയാണ്. മുൻകാലങ്ങളിൽ ഇന്ത്യയുടെ അഭിവൃദ്ധിയിൽ തുറമുഖങ്ങൾക്കുണ്ടായിരുന്ന പങ്ക് അനുസ്മരിച്ച പ്രധാനമന്ത്രി, ഇപ്പോൾ ഇന്ത്യ പുതിയ മുന്നേറ്റം നടത്തുകയും ആഗോളവ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായി മാറുകയും ചെയ്യുമ്പോൾ തുറമുഖങ്ങൾക്കും സമാനമായ പങ്കുണ്ടെന്നു വ്യക്തമാക്കി. കൊച്ചി പോലുള്ള തുറമുഖ നഗരങ്ങളുടെ കരുത്തു വർധിപ്പിക്കുന്നതിൽ ഗവണ്മെന്റ് വ്യാപൃതരാണെന്നു പ്രധാനമന്ത്രി പറഞ്ഞു. തുറമുഖശേഷിയിലെ വർധന, തുറമുഖ അടിസ്ഥാനസൗകര്യങ്ങളിലുള്ള നിക്ഷേപം, സാഗർമാല പദ്ധതിക്കു കീഴിലുള്ള തുറമുഖങ്ങളുടെ മെച്ചപ്പെട്ട സമ്പർക്കസൗകര്യം എന്നിവ അദ്ദേഹം ചൂണ്ടിക്കാട്ടി.കൊച്ചിയിലെ പുതിയ ഡ്രൈ ഡോക്ക് ഇന്ത്യയുടെ ദേശീയ അഭിമാനമാണ്.രാജ്യത്തെ നഗരങ്ങളിലെ ആധുനികവും ഹരിതാഭവുമായ ജലസമ്പർക്കസൗകര്യത്തിൽ കൊച്ചി കപ്പൽശാല പ്രധാന പങ്കു വഹിക്കുന്നുവെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. വലിയ കപ്പലുകളെ നങ്കൂരമിടാൻ പ്രാപ്തമാക്കുക മാത്രമല്ല, കപ്പൽ നിർമാണവും കപ്പൽ അറ്റകുറ്റപ്പണികളും ഇവിടെ സാധ്യമാക്കും. ഇതു വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നതു കുറയ്ക്കുകയും വിദേശനാണ്യം ലാഭിക്കുകയും ചെയ്യും.രാജ്യത്തിനകത്ത് ഉൾനാടൻ ജലപാതകൾ പ്രയോജനപ്പെടുത്തിയതിലൂടെ യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനും വലിയ ഉത്തേജനം ലഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

## കേരളത്തിന് 4000 കോടിയുടെ പദ്ധതി

**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്ര മോദി കൊച്ചിയിൽ 4000 കോടിയിലധികം രൂപയുടെ മൂന്ന് പ്രധാന അടിസ്ഥാനസൗകര്യ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിലെ (സിഎസ്എൽ) പുതിയ ഡ്രൈ ഡോക്ക് (എൻഡിഡി), കപ്പൽ അറ്റകുറ്റപ്പണിക്കായുള്ള സിഎസ്എലിന്റെ അന്താരാഷ്ട്ര കേന്ദ്രം (ഐഎസ്ആർഎഫ്), കൊച്ചി പുതുവൈപ്പിനിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ എൽപിജി ഇറക്കുമതി ടെർമിനൽ എന്നിവയാണ് ഇന്നലെ ഉദ്ഘാടനം ചെയ്തത്. ഇന്ത്യയുടെ തുറമുഖങ്ങൾ, കപ്പൽവ്യാപാരം, ജലപാത എന്നീ മേഖലകളെ പരിവർത്തനം ചെയ്യാനും കാര്യശേഷിയും സ്വയംപര്യാപ്തതയും വളർത്തിയെടുക്കാനുമുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമാണ് ഈ പ്രധാന അടിസ്ഥാനസൗകര്യ പദ്ധതികൾ.

കൊച്ചിക്ക് ലഭിച്ച രാജ്യത്തെ ഏറ്റവും വലിയ ഡ്രൈ ഡോക്കിനെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. കപ്പൽനിർമാണം, കപ്പൽ അറ്റകുറ്റപ്പണി, എൽപിജി ഇറക്കുമതി ടെർമിനൽ തുടങ്ങിയ മറ്റു പദ്ധതികളും കേരളത്തിലും രാജ്യത്തിന്റെ തെക്കൻ മേഖലയിലും വികസനത്തിന് ആക്കം കൂട്ടും. 'മെയ്ഡ് ഇൻ ഇന്ത്യ' വിമാനവാഹിനിക്കപ്പൽ ഐഎൻഎസ് വിക്രാന്ത് കൊച്ചി കപ്പൽശാലയിലാണു നിർമിച്ചത് എന്നതും അദ്ദേഹം എടുത്തുപറഞ്ഞു. പുതിയ സൗകര്യങ്ങൾ കപ്പൽശാലയുടെ ശേഷി പലമടങ്ങു വർധിപ്പിക്കും. കഴിഞ്ഞ 10 വർഷത്തിനിടെ തുറമുഖങ്ങൾ, കപ്പൽവ്യാപാരം, ജലപാതാ മേഖലകളിൽ വരുത്തിയ പരിഷ്കാരങ്ങൾ എടുത്തുപറഞ്ഞ പ്രധാനമന്ത്രി, ഇത് ഇന്ത്യയുടെ തുറമുഖങ്ങളിൽ പുതിയ നിക്ഷേപം കൊണ്ടുവരികയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി. ഇന്ത്യൻ നാവികരുമായി ബന്ധപ്പെട്ട നിയമങ്ങളുടെ പരിഷ്കരണം രാജ്യത്തെ നാവികരുടെ എണ്ണത്തിൽ 140 ശതമാനം വർധനയ്ക്കു കാരണമായതായി അദ്ദേഹം അറിയിച്ചു. 'കൂട്ടായ പരിശ്രമം മികച്ച ഫലങ്ങൾ നൽകുന്നു' കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യൻ തുറമുഖങ്ങൾ ഇരട്ട അക്ക വാർഷിക വളർച്ച കൈവരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. പത്തുവർഷം മുമ്പുവരെ, കപ്പലുകൾ തുറമുഖങ്ങളിൽ ഏറെ നേരം കാത്തിരിക്കേണ്ടി വന്നിരുന്നുവെന്നും ചരക്കുകൾ ഇറക്കുന്നതിന് ഏറെ സമയമെടുത്തിരുന്നുവെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു. 'ഇന്ന് സ്ഥിതി മാറിയിരിക്കുന്നു' കപ്പലുകളുടെ ചരക്കുനീക്കസമയത്തിന്റെ കാര്യത്തിൽ ഇന്ത്യ പല വികസിത രാജ്യങ്ങളെയും മറികടന്നുവെന്നു മോദി പറഞ്ഞു.

## 50,000 കോടിയുടെ ഹൈപ്പർ സ്കെയിൽ ഡേറ്റാ സെന്ററിന് അദാനിയുമായി ധാരണ

**മുംബൈ:** 50,000 കോടി മുതൽമുടക്കിൽ ഹൈപ്പർസ്കെയിൽ ഡേറ്റാ സെന്റർ സ്ഥാപിക്കുന്നതിന് അദാനി എന്റർപ്രൈസസ് ലിമിറ്റഡ് സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. 10 വർഷത്തിനുള്ളിലായിരിക്കും നിക്ഷേപം നടത്തുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ദാവോസിൽ നടന്ന ആഗോള സാമ്പത്തിക ഉച്ചകോടിയിൽ മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയുടെയും അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെയും സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവച്ചത്. മുംബൈ / നവിമുംബൈ, പുണെ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന പദ്ധതി 20,000 പേർക്ക് തൊഴിൽ നൽകുമെന്ന് അദാനി ഗ്രൂപ്പ് അറിയിച്ചു.

## പെട്രോളിനും ഡീസലിനും 10 രൂപ വരെ കുറഞ്ഞേക്കും

**ന്യൂഡൽഹി:** ഈ വർഷം ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ രാജ്യത്ത് പെട്രോൾ, ഡീസൽ വില പരമാവധി 10 രൂപ വരെ കുറച്ചേക്കുമെന്ന് റിപ്പോർട്ട്. ഉയരുന്ന പണപ്പെരുപ്പം കൂടി പിടിച്ചുനിർത്താൻ ഉദ്ദേശിച്ചാണ് നീക്കം. ഇക്കാര്യത്തിൽ എണ്ണക്കമ്പനികൾ ചർച്ച തുടരുന്നതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 2022 ഏപ്രിൽ മുതൽ ഇന്ധനവിലയിൽ കാര്യമായ വ്യത്യാസം വരുത്താൻ എണ്ണക്കമ്പനികൾ തയാറായിട്ടില്ല. ഈ സാഹചര്യത്തിൽ ഇന്ധനവില പുനർനിർണയിക്കുന്ന കാര്യം പരിഗണിക്കുന്നതായാണ് വിവരം. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടും നിർണായകമാകും.

അടുത്ത മാസത്തോടെ ഇന്ധനവില കുറയ്ക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമുണ്ടാകുമെന്നാണ് വിവരം. പൊതുമേഖലാ എണ്ണക്കമ്പനികൾ മൂന്നാം പാദത്തിലെ വിശദാംശങ്ങൾ അടുത്ത മാസത്തോടെ പുറത്തുവിടും. ഇതുപ്രകാരം എല്ലാ കമ്പനികളുടെയും ആകെ അറ്റാദായം 75,000 കോടി രൂപ കവിയുമെന്നാണ് വിവരം. ഇതിനു പിന്നാലെ ഇന്ധനവില 10 രൂപ വരെ കുറയ്ക്കാനാണ് ശ്രമം നടക്കുന്നത്. അസംസ്കൃത എണ്ണയുടെ വിലയിൽ കാര്യമായ തോതിൽ കുറവു വന്നതും വില കുറയ്ക്കാനുള്ള നീക്കത്തെ ത്വരിതപ്പെടുത്തുമെന്നാണ് കരുതുന്നത്. ഈ സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിലും രണ്ടാം പാദത്തിലും എണ്ണക്കമ്പനികൾ വലിയ ലാഭമാണ് നേടിയത്. ഇതിന്റെ തുടർച്ചയായാണ് മൂന്നാം പാദത്തിലും വലിയ ലാഭത്തിന്റെ സൂചനകളുള്ളത്.



# ഭിന്നശേഷിക്കാർക്കുള്ള പകൽവീടിന് തറക്കല്ലിട്ടു



**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്കായി ആലുവ പുറയാറിൽ അനവധി സൗകര്യങ്ങളോടെ പകൽവീട് നിർമ്മിക്കുന്നു. എറണാകുളംഅങ്കമാലി അപോസ്റ്റലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും എറണാകുളം സോണൽ ഹെഡുമായ കുര്യാക്കോസ് കോനിലും ചേർന്ന് ശിലാസ്ഥാപന കർമ്മം നിർവഹിച്ചു. എറണാകുളംഅങ്കമാലി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സഹൃദയ ആണ് ഈ പകൽവീടിന്റെ നടത്തിപ്പ് ചുമതല. ഫെഡറൽ ബാങ്ക് സിഎസ്ആർ വിഭാഗം ഹെഡും ഡിവിപിയുമായ അനിൽ സി.ജെ, പാലാരിവട്ടം ബ്രാഞ്ച് ഹെഡും ഡിവിപിയുമായ സ്നേഹ എസ് നായർ തുടങ്ങിയവർ പങ്കെടുത്തു. ഫെഡറൽ ബാങ്ക് മുൻ ജീവനക്കാരായ ടി പി ജോർജ്, മേരി ജോർജ് എന്നിവർ സൗജന്യമായി നൽകിയ ഭൂമിയിലാണ് പകൽവീട് നിർമ്മിക്കുന്നത്. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയ മുരളീധരൻ, കാഞ്ഞൂർ ഫൊറോന വികാരി റവ. ഡോ. ജോസഫ് കണിയാംപറമ്പിൽ, സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ, പഞ്ചായത്ത് അംഗം നഹാസ് കളപ്പുരയിൽ, സഹൃദയ ജിഎം പാപ്പച്ചൻ തെക്കേക്കര എന്നിവർ സംസാരിച്ചു.

# ഭാരത് ടെക് ട്രയംഫ് സംരംഭവുമായി വിൻസോ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ പ്രാദേശിക സംവേദനാത്മക വിനോദ പ്ലാറ്റ്ഫോമായ വിൻസോ, ഇന്ത്യയിൽ നിർമിച്ച ഗെയിമുകളുടെയും അനുബന്ധ സാങ്കേതിക വിദ്യകളുടെയും കയറ്റുമതി വർധിപ്പിക്കാൻ ലക്ഷ്യമിട്ട് ഭാരത് ടെക് ട്രയംഫ് എന്ന പേരിൽ പുതിയ സംരംഭം പ്രഖ്യാപിച്ചു. ഇന്ത്യയിൽ 175 ദശലക്ഷത്തിലധികം ഉപയോക്താക്കളുള്ള പ്ലാറ്റ്ഫോമാണ് വിൻസോ. ആഗോള പ്ലാറ്റ്ഫോം, എഫ്ഡിഐയിലേക്കുള്ള പ്രവേശനം എന്നിവ പോലുള്ള വളർച്ചയ്ക്ക് നിർണായകമായ വിഭവങ്ങൾ നൽകി, സ്വദേശീയ സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കുന്നതിലായിരിക്കും ഈ സംരംഭം ശ്രദ്ധ കേന്ദ്രീകരിക്കുക. ഇന്ത്യയിൽ അതിവേഗം വളരുന്ന സംവേദനാത്മക വിനോദമേഖലയിലെ മെയ്ഡ് ഇൻ ഇന്ത്യ പ്രോഗ്രാമിന്റെ വിജയവും, പ്രധാനമന്ത്രി മോദിയുടെ വോക്കൽ ഫോർ ലോക്കൽ എന്ന തത്വവും അടിസ്ഥാനമാക്കിയാണ് വിൻസോ ഈ സംരംഭത്തിന് തുടക്കം കുറിക്കുന്നത്.സംരംഭത്തിന്റെ ഭാഗമായി സോഷ്യൽ ഗെയിമിങിനും സൈബർ സുരക്ഷയ്ക്കുമായി ആഴത്തിലുള്ള സാങ്കേതികവിദ്യയിലെ ഗവേഷണത്തെ വിൻസോ പിന്തുണക്കും. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ, വിവിധ ഗവേഷണ മേഖലകളിലെ സഹകരണ അവസരങ്ങൾ, ഫിങ് അവസരങ്ങൾ, റിയൽവേൾഡ് ഡേറ്റയിലേക്കും സാഹചര്യങ്ങളിലേക്കും പ്രവേശനം തുടങ്ങിയ അവശ്യ ഘടകങ്ങളും വിൻസോ നൽകും. ഇത് പങ്കാളികൾക്ക് ഹൈസ്പീഡ് കമ്പ്യൂട്ടിങ് സേവനങ്ങളും, വലിയ തോതിലുള്ള പ്രവർത്തനത്തിനായി അൾട്രാലോലേറ്റൻസി റിയൽടൈം ഗെയിം എഞ്ചിനുകളിലേക്കും പ്രവേശനം നൽകും. പ്രാദേശിക സ്റ്റാർട്ടപ്പുകൾ, ആഗോള ഗെയിമിങ് കമ്മ്യൂണിറ്റി, അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ പങ്കാളിത്തവും അറിവ് പങ്കിടലും ഇത് സുഗമമാക്കുകയും ചെയ്യും.ഇന്ത്യൻ ഗെയിം ഡെവലപ്പർമാർക്ക് വിൻസോ ഭാരത് ടെക് ട്രയംഫിനുള്ള അപേക്ഷകൾ https://bharattech.winzogames.com വഴി ഇപ്പോൾ ഓൺലൈനായി സമർപ്പിക്കാം. അവസാന തീയതി ജനുവരി 24.

# 45127 പേർക്കുകൂടി മുൻഗണനാ റേഷൻ കാർഡ്; വിതരണോദ്ഘാടനം ഇന്ന്

തിരുവനന്തപുരം: സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡിനായി അപേക്ഷ നൽകിയവരിൽ 45127 പേർക്കുകൂടി മുൻഗണനാ കാർഡ് നൽകുന്നു. 2023 ഒക്ടോബർ 10 മുതൽ 30 വരെ ഓൺലൈനായി ലഭിച്ച അപേക്ഷകളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ നവകേരള സദസിൽ ലഭിച്ച അപേക്ഷളും പരിഗണിച്ചാണ് ഇത്രയും പേർക്ക് മുൻഗണനാ കാർഡുകൾ നൽകുന്നതെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ന് രാവിലെ 11ന് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജി.ആർ. അനിൽ വിതരണോദ്ഘാടനം നിർവഹിക്കും.ഈ സർക്കാർ ചുമതലയേറ്റ ശേഷം 39611 മഞ്ഞ കാർഡുകളും(എഎവൈ) 3,28,175 പിങ്ക് കാർഡുകളും(പി.എച്ച്.എച്ച്) ഉൾപ്പെടെ 3,67,786 മുൻഗണനാ കാർഡുകൾ തരംമാറ്റി വിതരണം ചെയ്തതായി മന്ത്രി ചൂണ്ടിക്കാട്ടി. ഇന്ന് വിതരണം ആരംഭിക്കുന്ന കാർഡുകൾ കൂടി ചേരുന്നതോടെ വിതരണം ചെയ്ത ആകെ മുൻഗണനാ കാർഡുകളുടെ എണ്ണം 4,12,913 ആകും. ദേശീയ ഭക്ഷ്യ നിയമം അനുശാസിക്കുന്ന മുൻഗണനാ വിഭാഗങ്ങൾക്കു പുറമേ മുഴുവൻ പേർക്കും ലഭ്യതയുടെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് നൽകുന്ന സമീപനമാണു സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.ഭക്ഷ്യധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ടു ഭക്ഷ്യധാന്യങ്ങളുടെ വില, റേഷൻ വ്യാപാരികളുടെ കമ്മിഷൻ, ഗതാഗത കൈകാര്യ ചെലവ്, ഗോഡൗൺ വാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നീ ഇനങ്ങളിൽ വലിയ തുകയാണു സംസ്ഥാന സർക്കാർ വഹിക്കുന്നത്. നീല, വെള്ള കാർഡ് ഉടമകൾക്കു നൽകേണ്ട ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ പ്രതിമാസം ശരാശരി 28 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നു.



2023 മുതൽ മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്കുള്ള റേഷൻ വിഹിതം കേന്ദ്ര സർക്കാർ സൗജന്യമാക്കിയിരുന്നു. ഈ കാലയളവിനു മുൻപ് സംസ്ഥാന സർക്കാർ മുൻഗണനാ കാർഡുകാർക്കു കേന്ദ്രത്തിൽനിന്നു സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി മഞ്ഞ കാർഡുകാർക്ക്(5,89,267 കാർഡ് ഉടമകൾ) സൗജന്യമായും പിങ്ക് കാർഡുകാർക്ക്(3447897 കാർഡ് ഉടമകൾ) മൂന്നു രൂപ നിരക്കിൽ അരിയും രണ്ടു രൂപ നിരക്കിൽ ഗോതമ്പും ലഭ്യമാക്കിയിരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം അനുവദിക്കുന്ന 10.25 മെട്രിക് ടണ്ണും മുൻഗണനേതര വിഭാഗങ്ങൾക്കായുള്ള സംസ്ഥാന പദ്ധതി പ്രകാരമുള്ള നാലു ലക്ഷം ടൺ മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുമാണു പൊതുവിതരണ സംവിധാനം വഴി നടത്തിവരുന്നത്. ഇതിൽ മുൻഗണനാ കാർഡുകൾക്കുള്ള ഭക്ഷ്യധാന്യ വിതരണത്തിനു മാത്രമേ കേന്ദ്ര സർക്കാരിൽനിന്നു സാമ്പത്തിക സഹായം ലഭ്യമാകൂ. 57 ശതമാനം വരുന്ന മുൻഗണനാ കാർഡുകാർക്കു റേഷൻ വിതരണത്തിനായുള്ള ചെലവുകൾ പൂർണമായി സംസ്ഥാന സർക്കാരാണു നിർവഹിക്കുന്നതെന്നും കണക്കുകൾ സഹിതം മന്ത്രി വ്യക്തമാക്കി.

# പ്രാണപ്രതിഷ്ഠ: സന്യാസി സംഘം യാത്ര പുറപ്പെട്ടു




അയോധ്യയിലെ രാമജന്മഭൂമിയിൽ നടക്കുന്ന പ്രാണപ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കുന്ന കേരളത്തിൽ നിന്നുള്ള സന്യാസി സംഘത്തിന് വിഎച്ച്പിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ യാത്ര അയപ്പു നൽകിയപ്പോൾ

**കൊച്ചി:** അയോധ്യയിലെ രാമജന്മഭൂമിയിൽ ഈ മാസം 22 ന് നടക്കുന്ന പ്രാണപ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കുന്നതിനായി കേരളത്തിൽ നിന്നുള്ള 23 അംഗ സന്യാസി സംഘം യാത്രപുറപ്പെട്ടു. വിശ്വഹിന്ദു പരിഷത്തിന്റെ എറണാകുളം പാവക്കുളം സംസ്ഥാന കമ്മിറ്റി ഓഫിസിൽ നടന്ന യാത്ര അയപ്പു സമ്മേളനം വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ ഉദ്ഘാടനം ചെയ്തു.ക്ഷേത്രീയ സംഘടനാ സെക്രട്ടറി കേശവരാജു, സംസ്ഥാന സംഘടനാ സെക്രട്ടറി കെ. ഗിരീഷ്കുമാർ, ജോയിന്റ് ട്രഷർ ശ്രീകുമാർ തുടങ്ങിയവർ സംസാരിച്ചു.സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിഎച്ച്പി പ്രവർത്തകർ സന്യാസി സംഘത്തിന് യാത്രാമംഗളങ്ങൾ നേർന്നു.

# ശൈത്യകാലത്ത് ആരോഗ്യകരമായ പലഹാരം പരീക്ഷിക്കാം

**കൊച്ചി:** ശൈത്യകാലത്ത് മധുരപലഹാരം കഴിക്കുമ്പോൾ ആരോഗ്യകരമായത് തിരഞ്ഞെടുക്കാൻ ഫിറ്റ്നസ് വിദഗ്ധരുടെ നിർദേശം. രുചികരമായ ബദാം, കാരറ്റ് ഹൽവ തുടങ്ങിയവ പരിഗണിക്കാം. ആരോഗ്യകരമായ കാഴ്ച്ചയെ പ്രോത്സാഹിപ്പിക്കുക, ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുക, ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുക തുടങ്ങിയ നിരവധി ആരോഗ്യ ആനുകൂല്യങ്ങൾ ക്യാരറ്റ് വാഗ്ദാനം ചെയ്യുന്നു. കൂടാതെ, ഒരു പിടി ബദാം വിഭവങ്ങളിൽ ഉൾപ്പെടുത്തുന്നത് അവയുടെ രുചി മാത്രമല്ല, ആരോഗ്യവും പോഷകഗുണങ്ങളും വർധിപ്പിക്കുകയും ചെയ്യുമെന്ന് വിദഗ്ധർ പറയുന്നു. ബദാമും കാരറ്റും ചേർത്തുള്ള ഹൽവ ഉണ്ടാക്കുന്നത് എളുപ്പമുള്ള പാചകം മാത്രമല്ല, വളരെ രുചികരവും ആരോഗ്യകരവുമാണ്. വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേവിൻ, സിങ്ക്, പ്രോട്ടീൻ തുടങ്ങിയ 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമായ ഈ നട്സ് ഊർജം ഉൽപ്പാദിപ്പിക്കുന്നത് മാത്രമല്ല, പേശികളുടെ വളർച്ചയ്ക്കും പരിപാലനത്തിനും കാരണമാകുമെന്ന് അറിയപ്പെടുന്നു. ആയുർവേദം, സിദ്ധ, യുനാനി ഗ്രന്ഥങ്ങളിലെ പഠനമനുസരിച്ച് ബദാം ചർമത്തിന്റെ ആരോഗ്യത്തിനും, ചർമത്തിന് തിളക്കം വർധിപ്പിക്കാനും നല്ലതാണ്.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള വാഴക്കുളം (അഡീഷണൽ) ഐ.സി.ഡി.എസ്. പ്രോജക്ടിലെ 128 അങ്കണവാടികളിലേയ്ക് 202324 സാമ്പത്തിക വർഷത്തിലെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി നിബന്ധനകൾക്കു വിധേയമായി മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെർ നടപടികളിൽ ഇളവുകളുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവർ ആയത് തെളിയിക്കുന്നതിനായി നിലവിലെ സർക്കാർ ഉത്തരവുകളും മറ്റു രേഖകളും ഹാജരാക്കണം. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5 നും ഇടയിൽ ആലുവ തോട്ടക്കാട്ടുകര ശിവ ടെമ്പിൾ റോഡിൽ പ്രവർത്തിക്കുന്ന വാഴക്കുളം (അഡീഷണൽ) ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. ( ഫോൺ 0484 9387162707) 2952488. ടെർ സ്വീകരിക്കുന്ന അവസാന തീയതി 01.02.2024 ഉച്ചയ്ക്ക് 2.30 വരെ.

# വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സിഡിറ്റ്) യുടെ ഇ ഗവേണൻസ് ഡിവിഷൻ നടപ്പിലാക്കിവരുന്ന പ്രോജക്ടിലേയ്ക്ക് താത്കാലിക നിയമനത്തിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്റർ പ്രതിമാസം 23,000 രൂപ നിരക്കിൽ മിനിമം യോഗ്യത ബി.ടെക്/ബി.ഇ(സി.എസ്/ഐ.ടി)/എംസിഎ നെറ്റ് വർക് അഡ്മിനിസ്ട്രേഷനിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം. കൂടാതെ സിസിഎൻഎ, ആർഎച്ച്സിഇ, എംഎസ്.സി.ഇ സർട്ടിഫിക്കേഷനുകൾ. അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ 15,500 രൂപ നിരക്കിൽ. യോഗ്യത 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ ഇൻ ഐടി/ കമ്പ്യൂട്ടർ ഹാർഡ് വെയർ/ഇലക്ട്രോണിക്സ്/ബിസിഎ/ബി.എസ്.സി (സി.എസ്), സിസ്റ്റം അഡ്മിനിസ്ട്രേഷനിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം അത്യാവശ്യമാണ്. കൂടാതെ എം.സി.എസ്.ഇ സർട്ടിഫിക്കേഷൻ അഭിലഷണീയമാണ്. യോഗ്യതകൾ ഉള്ള ഉദ്യോഗാർഥികൾക്കായി 24.01.224 ന് 11.00 മുതൽ താഴെ പറയുന്ന സിഡിറ്റ് ഓഫീസുകളിൽ വാക്ഇൻഇന്റർവ്യൂ നടത്തുന്നു.സിഡിറ്റ് സിറ്റി സെന്റർ സ്റ്റാച്യുവിലെ എസ് എം എസ് എം ഇൻസ്റ്റിറ്റ്യൂട്ടിന് സമീപം സ്ഥിതി ചെയ്യുന്ന ചിറ്റേത്ത് ലാവണ്യ ടവേഴ്സിലെ ഓഫീസിൽ സിഡിറ്റ് റീജയണൽ സെന്റർ, എറണാകുളം, ഡി ബ്ലോക്ക്, രാം നില, ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ, സിഡിറ്റ് റീജയണൽ സെന്റർ കണ്ണൂർ സൗത്ത് ബസാർ, കണ്ണൂർ, അഞ്ചാം നില റബ്കോ ഹൗസ്. ഉയർന്ന പ്രായ പരിധി : 35 വയസ്സ്. താത്പര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, സർട്ടിഫിക്കേഷനുകൾ, പ്രവൃത്തി പരിചയം, പ്രായം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും, പകർപ്പുകളും സഹിതം അഭിമുഖത്തിനായി നേരിട്ട് ഹാജരാകണം. . കൂടുതൽ വിവരങ്ങൾക്ക് 9895788311 നമ്പറുമായി ബന്ധപ്പെടണം.

# ടീച്ചർ ട്രെയിനിംഗ് കോഴ്സ് പ്രവേശനം 30 വരെ

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോണിൽ ഡിപ്ലോമ ഇൻ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് (1 വർഷം) പ്രൊഫഷണൽ ഡിപ്ലോമ ഇൻ പ്രീ സ്കൂൾ ടീച്ചർ ട്രെയിനിങ് (1 വർഷം) എന്നീ കോഴ്സുകളിലേക്ക് ഈ മാസം 30 വരെ പ്രവേശനം നടത്തും. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി അടുത്തുള്ള കെൽട്രോൺ നോളജ് സെന്ററിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9072592412, 9072592416.

## പാർസൽ ഭക്ഷണം:

# ലേബൽ പതിക്കണമെന്ന നിയമം കർശനമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്




**തിരുവനന്തപുരം:** ഭക്ഷണം തയ്യാറാക്കിയ സമയം ഉൾപ്പെടെ പ്രദർശിപ്പിക്കുന്ന ലേബലുകൾ പാർസൽ ഭക്ഷണ കവറിന് പുറത്ത് നിർബന്ധമായും പതിക്കണമെന്ന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിർദേശം പുറപ്പെടുവിച്ചു. ലേബലിൽ ഭക്ഷണം തയ്യാറാക്കിയ സമയം, ഉപയോഗിക്കേണ്ട സമയ പരിധി എന്നിവ കൃത്യമായി രേഖപ്പെടുത്തണം. കടകളിൽ നിന്നും വിൽപ്പന നടത്തുന്ന പാകം ചെയ്ത പാർസൽ ഭക്ഷണത്തിന് ലേബൽ പതിക്കണമെന്ന നിയമം ഉണ്ടെങ്കിലും കടയുടമകൾ പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നിയമം കർശനമായി നടപ്പിലാക്കുവാൻ കമ്മീഷണർ ജാഫർ മാലിക് നിർദ്ദേശം നൽകിയത്.പാർസൽ ഭക്ഷണം ഉപയോഗിക്കേണ്ട സമയപരിധി കഴിഞ്ഞ് കഴിക്കുന്നതുമൂലം ഭക്ഷ്യ വിഷബാധ വർധിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം പാകം ചെയ്ത ഭക്ഷണം രണ്ട് മണിക്കൂറിനുള്ളിൽ ഉപയോഗിക്കണം എന്നാണ്. നിലവിൽ പായ്ക്കറ്റുകളിൽ വിൽപ്പന നടത്തുന്ന ഭക്ഷണത്തിൽ ലേബൽ നിർബന്ധമാണ്. എന്നാൽ കടകളിൽ നിന്നും വാങ്ങുന്ന പാർസലുകളിൽ ഭക്ഷണം തയ്യാറാക്കിയ സമയത്തെ സംബന്ധിച്ചോ ഉപയോഗിക്കേണ്ട സമയ പരിധിയെക്കുറിച്ചോ ഉപഭോക്താക്കൾക്ക് ധാരണയില്ല. പലരും പാർസൽ ഭക്ഷണം വാങ്ങി സ്വന്തം സൗകര്യത്തിനനുസരിച്ച് കഴിക്കുന്നതവരാണ്. എന്നാൽ ഓരോ ഭക്ഷണവും തയ്യാറാക്കിയ സമയം മുതൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ ഉപയോഗിക്കേണ്ടതാണ്. ഷവർമ പോലുള്ള ഭക്ഷണം സമയപരിധി കഴിഞ്ഞ് ഉപയോഗിക്കുന്നത് കൂടുതൽ അപകടം വരുത്തും.കടകളിൽ നിന്നും പാർസലായി വിൽപ്പന നടത്തുന്ന ഊണ്, സ്നാക്ക്സ്, മറ്റ് ഭക്ഷണങ്ങൾ എന്നിവയ്ക്കെല്ലാം നിയമം ബാധകമാണ്. ഓൺലൈൻ വഴി വിപണനം നടത്തുന്ന ഭക്ഷണ പായ്ക്കറ്റുകളിലും ലേബൽ പതിക്കണം. ലേബൽ പതിക്കാതെ പാർസൽ ഭക്ഷണം വിൽപ്പന നടത്തുന്നത് നിലവിൽ നിരോധിച്ചിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.

# വഴിയോര കച്ചവടക്കാർക്ക് കുടകൾ വിതരണം ചെയ്ത് കിംസ്ഹെൽത്ത്



**തിരുവനന്തപുരം:** തീരദേശ മേഖലയിൽ ചൂട് കൂടുന്ന സാഹചര്യത്തിൽ, വഴിയോര കച്ചവടക്കാരുടെ ആരോഗ്യം മുൻനിർത്തി, സാമൂഹിക പ്രതിബദ്ധത പദ്ധതികളുമായി കിംസ്ഹെൽത്ത്. വെട്ടുകാട്, വേളി മേഖലയിൽ മൽസ്യ, പച്ചക്കറി വിപണനം നടത്തുന്ന 100 കച്ചവടക്കാർക്ക് കുടകൾ വിതരണം ചെയ്തു. ചൂടിൽ നിന്ന് സംരക്ഷണം നേടാനായി പ്രത്യേകം രൂപകൽപ്പന ചെയ്ത വലിയ കുടകളാണ് വിതരണം ചെയ്തത്.തിരുവനന്തപുരം കോർപറേഷൻ ഓഫീസിൽ നടന്ന ചടങ്ങിൽ മേയർ ആര്യ രാജേന്ദ്രൻ എസ് പദ്ധതി ഉദ്ഘാടനം ചെയ്തു. തുടർന്ന് കൊച്ചുവേളി സെന്റ് ജോസഫ് ലൈബ്രറിയിൽ വച്ച് കുടകളുടെ വിതരണവും നടത്തി. കൊച്ചുവേളി സെന്റ് ജോസഫ് ഇടവക വികാരി ഫാ. ടോണി ഹാംലെറ്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ക്ലൈനസ് റൊസാരിയോ, കിംസ്ഹെൽത്ത് എച്ച്.സി.പി ആൻഡ് ആർ.സി.എം ഗ്രൂപ്പ് ഹെഡ് വിനോദ് വൈ.ആർ, എച്ച്.സി.പി ഡെപ്യൂട്ടി ജനറൽ മാനേജർ അനിൽ പോൾ ജേക്കബ്, കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ സീനിയർ മാനേജർ അനീഷ് മാത്യു സ്കറിയ, സിഎസ്ആർ വിഭാഗം എക്സിക്യൂട്ടിവ് മിഥുൻ ദാസ് എം എന്നിവരും ചടങ്ങിന്റെ ഭാഗമായി.

# സെലിബ്രിറ്റി പ്ലാനുമായി വോഡ്ഹൗസ് ക്യാപിറ്റൽ

**കൊച്ചി :** വോഡ്ഹൗസ് ക്യാപിറ്റൽ അഡ്വൈസേഴ്സ് കസ്റ്റമൈസ്ഡ് ഇൻവെസ്റ്റ്മെന്റ് പ്ലാനായ ഡബ്ല്യുഐഎൻ സ്ട്രാറ്റജി അവതരിപ്പിച്ചു. സെലിബ്രിറ്റികൾ, പ്രൊഫഷണലുകൾ, ബിസിനസ് കുടുംബങ്ങൾ, എന്നിവർക്കായി രൂപകൽപന ചെയ്തിരിക്കുന്നതാണ് ഡബ്ല്യുഐഎൻ സ്ട്രാറ്റജി. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് സ്ഥാപനമായ ആൽകെമിയുമായിച്ചേർന്നാണ് പ്ലാൻ ആവിഷ്കരിച്ചിട്ടുള്ളത്. സമ്പത്ത് നിലനിർത്തിക്കൊള്ള സ്ഥിര വരുമാനമായാണ് നിക്ഷേപ പദ്ധതി വിഭാവനം ചെയ്യുന്നത്.ഡബ്ല്യുഐഎൻ സ്ട്രാറ്റജിയുടെ കുറഞ്ഞ നിക്ഷേപം 50 ലക്ഷം രൂപയാണ്. 14 മുതൽ 18 വരെ ഓഹരികൾ ഉൾക്കൊള്ളുന്ന പോർട്ഫോളിയോകളിലൂടെ ദീർഘകാല നേട്ടമാണ് ഡബ്ല്യുഐഎൻ സ്ട്രാറ്റജി നൽകുക. ഓഹരിയിലും ലിക്വിഡ് ഫുകളിലും കടപ്പത്രങ്ങളിലുമായി നിക്ഷേപിക്കുന്ന ഇതിന്റെ ചെറിയൊരംശം മാത്രമാണ് ചിലവുകൾക്കായി മാറ്റി വെയ്ക്കുന്നത്. വിശദമായ ഓഹരി ഗവേഷണവും അപഗ്രഥനവും നിർവഹിച്ച് സൂക്ഷ്മ അവലോകനം നടത്തിയാണ് നിക്ഷേപം കാലാനുസൃതമായി നവീകരിക്കുക. സുതാര്യതയും സത്യസന്ധതയും നിലനിർത്തി സമ്പത്ത് ശാക്തീകരിക്കാനും നിലനിർത്താനുമാണ് ഡബ്ല്യുഐഎൻ സ്ട്രാറ്റജിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വോഡ്ഹൗസ് ക്യാപിറ്റൽ സഹ സ്ഥാപകനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ സ്രാബൊണി ഹരലാൽക പറഞ്ഞു.

# ജപ്പാൻ ഭാഷാ ഓൺലൈൻ ക്ലാസുകൾ ജനുവരി 22ന് തുടങ്ങും

**കൊച്ചി:** കളമശ്ശേരിയിലെ സന്നദ്ധ സേവന സംഘടനയായ എ എസ് എ കേരളയുടെ നിപ്പോൺകേരളാ സെന്ററിൽ ഓൺലൈൻ ജപ്പാൻ ഭാഷാ ക്ലാസുകൾ ജനുവരി 22ന് ആരംഭിക്കും.തിങ്കൾ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8 മണി വരെയാണ് ബേസിക് കോഴ്സിന്റെ ഓൺലൈൻ ക്ലാസ്സുകൾ. ഇന്റർമീഡിയറ്റ് കോഴ്സിന്റെ ക്ലാസുകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ നടക്കും. അഞ്ചുമാസ കാലയളവിൽ 100 മണിക്കൂറാണ് കോഴ്സ് സമയം.പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല. ജപ്പാനിൽ പരിശീലനം നേടിയ സൊസൈറ്റി അംഗങ്ങളാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നുത്. ജാപ്പനീസ് സംഭാഷണം, എഴുത്ത്, വായന എന്നിവയിൽ പരിശീലനം നൽകും. ജപ്പാനിൽ തന്നെ രൂപപ്പെടുത്തിയ നവീനാധ്യാപന രീതിയും ഓഡിയോ പഠന സഹായികളുമാണ് കോഴ്സിൽ ഉപയോഗപ്പെടുത്തുന്നത്.ടോക്കിയോയിലെ ജപ്പാൻ ഫൗഷേൻ എല്ലാ വർഷവും ചെന്നൈയിൽ സംഘടിപ്പിക്കുന്ന ജാപ്പനീസ് ലാംഗ്വേജ് പ്രൊഫിഷ്യൻസി ടെസ്റ്റിൽ പങ്കെടുക്കാനുള്ള പരിശീലനവും ലഭിക്കും.കമ്പനി ഉദ്യോഗസ്ഥർ, സോഫ്റ്റ്വെയർ എൻജിനീയർമാർ, ടൂറിസം മേഖലയിൽപ്രവർത്തിക്കുന്നവർ, സർവകലാശാല വിദ്യാർഥികൾ എന്നിവർക്കാണ് കോഴ്സിൽ ചേരാൻ മുൻഗണന. അതോടൊപ്പം താത്പര്യമുള്ള വീട്ടമ്മമാർക്കും ഒഴിവു സമയ വിദ്യാഭ്യാസമെന്ന നിലയിൽ പങ്കെടുക്കാം. ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും.രജിസ്ട്രേഷന് മമൈശ്ശൂീസലൃമഹമ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ 75580 81097 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

## സംരംഭകത്വ ബോധവൽക്കരണ ശിൽപശാല

**കൊച്ചി:** കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ സഹായത്തോടെ വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 'സ്കെയിലപ്പ് യുവർ ബിസിനസ് ' എന്ന 4 വിഷയത്തെ ആസ്പദമാക്കി സംരംഭകർക്കായി മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹകരണത്തോടെ ഏകദിന ബോധവൽക്കരണ ശില്പശാല സംഘടിപ്പിക്കുന്നു. 2024 ജനുവരി 27 ന് രാവിലെ 10 മണി മുതൽ 4 മണി വരെ, മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ വെച്ചാണ് ശില്പശാല സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം ഉള്ളവർക്ക് ശില്പശാലയിൽ പങ്കെടുക്കാവുന്നതാണ്. ബിസിനസ് വിപുലീകരണത്തിനായി വ്യവസായ വകുപ്പിന്റെ വിവിധ സ്കീമുകൾ, ആവശ്യമായ ലൈസൻസുകൾ, മറ്റ് കൈത്താങ്ങ് സഹായങ്ങൾ, ഡിജിറ്റൽ മാർക്കറ്റിംഗ്, ജി എസ് ടി ആ9റ് ടാക്സേഷൻ തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്. താത്പര്യമുള്ളവർ ഓൺലൈനായി www.kied.infot/raining-calender/ൽ ജനുവരി 22 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരിശീലനം തികച്ചും സൗജന്യമാണ്. തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്ക് ശില്പശാലയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2532890/2550322/9605542061.

# കെഎംഎ രാജ്യാന്തര മാനേജ്മെന്റ് കൺവൻഷൻ ഇന്ന്

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) നാല്പത്തിയൊന്നാമത് മാനേജ്മെന്റ് കൺവൻഷന് ഇന്ന് കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് കൺവൻഷൻ സെന്ററിൽ തുടക്കമാകും. വൈകിട്ട് അഞ്ചിന് നടക്കുന്ന ചടങ്ങിൽ എച്ച് ഡി എഫ് സി ലൈഫ് ഇൻഷുറൻസ് കമ്പനി ചെയർമാൻ ദീപക് പരേഖ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. രാജ്യം പത്മഭൂഷൺ പുരസ്കാരം നൽകി ആദരിച്ച ദീപക് പരേഖ് കേന്ദ്ര സർക്കാരിന്റെ വിവിധ കമ്മിറ്റികളിൽ അംഗമാണ്. വ്യവസായ മന്ത്രി പി.രാജീവ്, ഡോ.ശശി തരൂർ എം.പി എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ബിയോണ്ട്' ബോർഡേഴ്സ്: ഫോസ്റ്ററിംഗ് മാനേജ്മെന്റ് എക്സലൻസ് എന്നതാണ് ഇത്തവണത്തെ സമ്മേളന പ്രമേയം. ആയിരത്തോളം കോർപ്പറേറ്റ് പ്രതിനിധികളും, മാനേജ്മെന്റ് വിദ്യർത്ഥികളും കൺവൻഷനിൽ പങ്കെടുക്കും. ഇന്ത്യക്കകത്തും പുറത്തുമുള്ള മുപ്പതോളം പ്രമുഖ ബിസിനസ് സംരംഭകരും, സിഇഒ മാരും നയിക്കുന്ന ബിസിനസ് സെഷനുകളും കൺവൻഷന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. പൊതു, സ്വകാര്യ, എൻ ആർ ഐ മേഖലകളിലെ വിജയകഥകൾ ചർച്ച ചെയ്യുന്ന പ്രത്യേക സെഷൻ ഇന്ന് രാവിലെ നടക്കും. വിദേശ രാജ്യങ്ങളിലെ മികച്ച മാനേജ്മെന്റ് മാതൃകകൾ കേരളത്തിന് പരിചയപ്പെടുത്തുന്ന സെഷനുകളും ഇത്തവണത്തെ പ്രത്യേകതയാണ്.നാളെ രാവിലെ ഒൻപതര മുതൽ വിവിധ വിഷയങ്ങളിൽ പാനൽ ചർച്ച നടക്കും. ആടുജീവിതം എന്ന സിനിമയുടെ നിർമാണ സമയത്തു കോവിഡുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രതിസന്ധികൾ സംബന്ധിച്ച ക്രൈസിസ് മാനേജ്മന്റ് സെഷൻ കൺവൻഷന്റെ പ്രധാന ആകർഷണീയതയാണ്. കെഎംഎ അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവർക്കും കൺവൻഷനിൽ പങ്കെടുക്കാമെന്ന് കെ എം എ പ്രസിഡന്റ് എ.ബാലകൃഷ്ണൻ, സെക്രട്ടറി ദിലീപ് നാരായണൻ, കൺവെൻഷൻ ചെയർ ബിബു പുന്നൂരാൻ എന്നിവർ അറിയിച്ചു.

# ഹൃദ്രോഗ വിദഗ്ദർക്കായി സിമുലേറ്റർ ശിൽപശാല 19 മുതൽ



**തിരുവനന്തപുരം:** ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ കാർഡിയോളോജി ചികിത്സാരീതികൾക്ക് സിമുലേറ്ററുകൾ വഴി പരിശീലനം നൽകുന്ന 'ബാക്ക് ടു ദി ബേസിക്സ്'' ശിൽപശാല ജനുവരി 19,20, 21 തിയ്യതികളിലായി നടക്കും. എസ് സി ടി ഐ എം എസ് ടി ഡയറക്ടർ ഡോ സഞ്ജയ് ബിഹാരി സമ്മേളനം ഉൽഘാടനം ചെയ്യും. ഓർഗനൈസിംഗ് സെക്രട്ടറിയും കാർഡിയോളജി വിഭാഗം മേധാവിയുമായ ഡോ. ഹരികൃഷ്ണൻ എസ്, മുൻ കാർഡിയോളജി വിഭാഗം മേധാവി ഡോ. കൃഷ്ണമൂർത്തി കെ എം, സീനിയർ പ്രൊഫസർ ഡോ. കെ. എൻ. നാരായണൻ നമ്പൂതിരി എന്നിവർ സംസാരിക്കും. ഹൃദയാഘാതം, വാൽവ് രോഗങ്ങൾ, ജന്മനാലുള്ള ഹൃദ്രോഗങ്ങൾ തുടങ്ങിയവയുടെ രോഗനിർണയത്തിന്റെയും നൂതനമായ ചികിത്സാരീതികളുടെയും പരിശീലനമാണ് സിമുലേറ്റർ വഴി നടക്കുക.ഹൃദയ താളത്തിലും മറ്റു അനുബന്ധ പ്രവർത്തനങ്ങളുടെ തകരാറുകൾക്കും പരിഹാരമായി ഹൃദയത്തിൽ ഘടിപ്പിയ്ക്കുന്ന കൃത്രിമ പേസ്മേക്കറുകളും മറ്റ് ഉപകരണങ്ങളെയും കുറിച്ചുള്ള സിമുലേറ്റർ പരിശീലനം ശില്പശലയിൽ നടക്കുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ഹരികൃഷ്ണൻ എസ് പറഞ്ഞു.വിവിധ ആധുനിക കാത്തിറ്റർ ശസ്ത്രക്രിയാ നടപടികളിൽ രോഗികളിൽ ഉണ്ടായേക്കാവുന്ന അപകട സാഹചര്യങ്ങളെ എങ്ങനെ പരിഹരിയ്ക്കണമെന്നു സിമുലേറ്ററുകളിലൂടെ പരിശീലിച്ച് പഠിക്കാൻ സാധിക്കും . പെർക്യുട്ടേനിയസ് അയോർട്ടിക് വാൽവ് റീപ്ലേസ്മെൻറ് (ശസ്ത്രക്രീയ കൂടാതെ ഹൃദയത്തിന്റെ അയോർട്ടിക് വാൽവ് മാറ്റിവയ്ക്കൽ), ലേസർ ആൻജിയോപ്ലാസ്റ്റി, സിടി ഇമേജിംഗ് ആൻറ് വെറ്റ്ലാബ് സെഷനുകൾ (കാർഡിയാക് അനാട്ടമി) വെറ്റ് മോഡൽ ഓൺ റൊട്ടാബ്ലേഷൻ, അഡ്വാൻസ്സ് ഇൻട്രാകൊറോണറി ഇമേജിംഗ്, ഫിസിയോളജി അസസ്മെന്റ് എന്നിവയെക്കുറിച്ചുള്ള സിമുലേറ്റർ സെഷനുകളാണ് ഈ വർഷത്തെ ശിൽപശാലയുടെ പ്രധാന ആകർഷണങ്ങൾ.ഹൃദയത്തിന്റെ പ്രവർത്തനങ്ങളെ സജീവമാക്കാനായി സഹായിക്കുന്ന ഉപകരണങ്ങളായ ഐഎബിപി, ഏക്മൊ, ഇംപെല്ല തുടങ്ങിയ ഉപകരണങ്ങളുടെ പരിശീലനവും ഉണ്ടാകും.250 ൽ അധികം കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുക്കും. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ കാർഡിയോളോജി വിഭാഗത്തിൽ നിന്നും പരിശീലനം നേടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിയ്ക്കുന്ന വിദഗ്ദ്ധരാണ് പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. ഫാക്കൽറ്റിയും ട്രെയിനികളും ക്ലിനിക്കൽ കേസുകളുടെ ചർച്ചകളിലും പങ്കെടുക്കുന്നുണ്ട്.

## കേരള ബാലസാഹിത്യ പുരസ്കാരങ്ങൾ സമ്മാനിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2023ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ സമ്മാനിച്ചു. സി.ജി. ശാന്തകുമാർ സമഗ്രസംഭാവന പുരസ്കാരം ഉല്ലല ബാബുവിന് മന്ത്രി സമർപ്പിച്ചു. കവി പ്രഭാവർമ്മ, മുൻ ചീഫ് സെക്രട്ടറിമാരായ കെ ജയകുമാർ, വി.പി ജോയി എന്നിവരടങ്ങിയ ജൂറിയാണ് സമഗ്രസംഭാവന പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.കഥ/നോവൽ വിഭാഗത്തിൽ കെ.വി. മോഹൻകുമാർ പുരസ്കാരം ഏറ്റുവാങ്ങി. കവിത വിഭാഗത്തിൽ ദിവാകരൻ വിഷ്ണുമംഗലവും വിവർത്തനം/ പുനരാഖ്യാനം വിഭാഗത്തിൽ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടിയും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

# മഹീന്ദ്ര എക്സ്യുവി700 പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്യുവി നിർമ്മാതാക്കളായ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് 2024 എക്സ്യുവി700 പുറത്തിറക്കി കൂടുതൽ മൂല്യവും, മെച്ചപ്പെടുത്തിയ സവിശേഷതകളുമായാണ് 2024 എക്സ്യുവി700 എത്തുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ഉറപ്പാക്കാൻ നിരവധി പുതിയ ഫീച്ചറുകളും ചേർത്തിട്ടുണ്ട്. ബുക്കിങ് ആരംഭിച്ച മോഡലിൻറെ ഡെമോ വാഹനങ്ങൾ ജനുവരി 25ന് ഇന്ത്യയിലുടനീളമുള്ള ഡീലർഷിപ്പുകളിലെത്തും.ഉപഭോക്തൃ അനുഭവം ഉയർത്തിക്കൊണ്ട് എഎക്സ്7എൽ വേരിയൻറ് കസ്റ്റം സീറ്റ് പ്രൊഫൈലുകളുമായി ലിങ്ക് ചെയ്തിരിക്കുന്ന ഫസ്റ്റ് ഇൻ സെഗ്മെൻറ് മെമ്മറി ഫംഗ്ഷനോടുകൂടിയ ഒരു ഔട്ട്സൈഡ് റിയർവ്യൂ മിററുകൾക്കൊപ്പം വെൻറിലേറ്റഡ് ഫ്രണ്ട് സീറ്റുകളും, എഎക്സ്7, എഎക്സ്7എൽ വേരിയൻറുകൾ ക്യാപ്റ്റൻ സീറ്റുകളുടെ ഓപ്ഷനും നൽകുന്നു. എല്ലാ വേരിയൻറുകളിലുടനീളം ഒരു പുതിയ നാപ്പോളി ബ്ലാക്ക് കളറിലാണ് 2024 എക്സ്യുവി700 വരുന്നത്. കൂടാതെ എഎക്സ്7, എഎക്സ്7എൽ വേരിയൻറുകൾ കമാൻഡിങ് ബ്ലാക്ക് ഗ്രില്ലും ശ്രദ്ധേയമായ കറുത്ത അലോയ്കളും ഫീച്ചർ ചെയ്യുന്ന ഒരു എക്സ്ക്ലൂസീവ് ബ്ലാക്ക് തീമുമായാണ് എത്തുന്നത്.എയർ വെൻറുകളിലും സെൻട്രൽ കൺസോളിലും സ്റ്റൈലിഷ് ഡാർക്ക് ക്രോം ഫിനിഷും, എഎക്സ്7, എഎക്സ്7എൽ വേരിയൻറുകൾക്ക് ഒരു ഓപ്ഷണൽ ഡ്യുവൽ ടോൺ എക്സ്റ്റീരിയറും 2024 എക്സ്യുവി700 അവതരിപ്പിക്കുന്നു. എക്കോസെൻസ് ലീഡർബോർഡ്, എം ലെൻസ്, ടോൾ ഡയറി തുടങ്ങിയ 13 പുതിയ കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടെ 83 കണക്റ്റഡ് കാർ ഫീച്ചറുകൾ ഉപയോഗിച്ച് ഡ്രൈവിങ് അനുഭവവും 2024 എക്സ്യുവി700 കൂടുതൽ മികച്ചതാക്കുന്നുണ്ട്.എംഎക്സിന് 13.99 ലക്ഷം രൂപ, എഎക്സ്3ന് 16.39 ലക്ഷം രൂപ, എഎക്സ്5ന് 17.69 ലക്ഷം രൂപ, എഎക്സ്7ന് 21.29 ലക്ഷം രൂപ, എഎക്സ്7എല്ലിന് 23.99 ലക്ഷം രൂപ എന്നിങ്ങനെയാണ് മഹീന്ദ്ര 2024 എക്സ്യുവി700 വകഭേദത്തിന് എക്സ്ഷോറൂം പ്രാരംഭ വിലയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 1500 കിടക്കകൾ കൂടി വർധിപ്പിച്ച് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ

**കൊച്ചി:** ഇന്ത്യയിലെ വളരെ വേഗം വളരുന്ന ആരോഗ്യ സംരക്ഷണ ദാതാക്കളിലൊന്നായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ അടുത്ത മൂന്നു വർഷത്തിനുള്ളിൽ കിടക്കകളുടെ ശേഷി 1500 എണ്ണമായി വർധിപ്പിക്കുന്നു. ഈ വികസനത്തോടെ രാജ്യത്തെ ഏറ്റവും വലിയ മൂന്ന് ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലൊന്നായി ആസ്റ്റർ മാറും. ബ്രൗൺഫീൽഡ്, ഗ്രീൻഫീൽഡ് പദ്ധതികൾ ഉൾപ്പെടുന്നതാണ് വിപുലീകരണം. കമ്പനിയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്യും. ഇതിനായി അടുത്ത 23 വർഷത്തിനുള്ളിൽ കമ്പനി 850900 കോടി രൂപയാണ് നിക്ഷേപിക്കുക. പുതുതായി പണികഴിപ്പിക്കുന്ന തിരുവനന്തപുരത്തെ ആസ്റ്ററും ഉൾപ്പെടുന്നതാണ് പദ്ധതി.ആദ്യ ഘട്ടത്തിൽ 350ലധികം കിടക്കകളാണ് ലക്ഷ്യമിടുന്നത്. കാസർഗോഡ് ആസ്റ്റർ മിംസിൽ 200ലധികം കിടക്കകൾ കൂട്ടും. തുടർന്ന് കണ്ണൂർ ആസ്റ്റർ മെഡിസിറ്റിയിൽ 100 കിടക്കകളും ആസ്റ്റർ വൈറ്റ്ഫീൽഡിൽ 159 കിടക്കകളും വർധിപ്പിക്കും. കൊച്ചിയിലെ മെഡ്സിറ്റിയിൽ 100 കിടക്കകൾ കൂടി വർധിപ്പിച്ച് മൊത്തം ശേഷി 600 കിടക്കകളാക്കാനും ആസ്റ്റർ ഡിഎം പദ്ധതിയിടുന്നു. 100 കിടക്കകളുള്ള അടുത്ത വിപുലീകരണ പദ്ധതി 2027ന് ശേഷം ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. 200 കിടക്കകൾ കൂടി വരുന്നതോടെ, നിലവിലുള്ള മറ്റ് വിപുലീകരണങ്ങൾക്കൊപ്പം, ആസ്റ്റർ മെഡ്സിറ്റി കൊച്ചിയുടെ മൊത്തം ശേഷി 700750 കിടക്കകളിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലുള്ള മറ്റ് ആശുപത്രികളായ മിംസ് കണ്ണൂരിലേക്ക് 100 കിടക്കകളും ആസ്റ്റർ വൈറ്റ്ഫീൽഡ് 159 കിടക്കകളുമുള്ള ബെഡ് കപ്പാസിറ്റി കൂട്ടിച്ചേർക്കാനും കമ്പനി ലക്ഷ്യമിടുന്നു.നിലവിൽ ആസ്റ്റർ അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കൊച്ചി, കോലാപൂർ, കോഴിക്കോട്, കോട്ടക്കൽ, ബെംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിലായി 19 ആശുപത്രികളും 13 ക്ലിനിക്കുകളും 226 ഫാർമസികളും 251 പേഷ്യൻറ് സെൻററുകളും ഉൾപ്പെടുന്നതാണ് ഈ ശൃംഖല.

## മാക്സ് ലൈഫ് ദുബായിൽ ഓഫീസ് തുറന്നു



**കൊച്ചി:** യുഎഇയിൽ സാന്നിധ്യം വിപുലമാക്കുന്നതിന്റെ ഭാഗമായി മാക്സ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ദുബായിൽ ആദ്യ പ്രതിനിധി ഓഫീസ് തുറന്നു. യുഎഇയിലെ ഉപഭോക്താക്കളുടെ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനു ഓഫീസ് സഹായകമാകും. ഇന്ത്യൻ വിപണിക്ക് സമാനമായ സേവനങ്ങൾ ജിസിസി മേഖലയിലും ലഭ്യമാകുന്നതിന് പുതിയ ഓഫീസ് വഴിയൊരുക്കും.മിഡിൽ ഈസ്റ്റിൽ ആദ്യ പ്രതിനിധി ഓഫീസ് തുറന്നത് ഏറെ പ്രോത്സാഹനജനകമാണെന്നു മാക്സ് ലൈഫ് സിഇഒയും മാനേജിംഗ് ഡയറക്ടറുമായ പ്രശാന്ത് ത്രിപാഠി പറഞ്ഞു. പുതിയ നീക്കം ഗൾഫ് മേഖലയിലെ ഉപഭോക്താക്കൾക്ക് കൂടുതൽ ഇൻഷുറൻസ്, ബ്രാൻഡ് അവബോധം നൽകും. ദുബായിലെ പുതിയ ഓഫീസ് ഗൾഫിൽ മാക്സ് ലൈഫിനെ കരുത്തുറ്റതാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബ്രാൻഡ് എന്ന നിലയിൽ മാക്സ് ലൈഫിനു ശക്തവും സുസ്ഥിരവുമായ വിപണി സാന്നിധ്യമുണ്ട്.

## സൗരഭ് വത്സ നിസാൻ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ



**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി സൗരഭ് വത്സയെ നിയമിച്ചു. 2030ഓടെ ലക്ഷ്യമിടുന്ന പദ്ധതികളും മിഡ് ടേം പ്ലാനും നടപ്പാക്കുന്നതിനായി തയ്യാറെടുക്കുന്ന കമ്പനിയെ ഏറെ സഹായിക്കാൻ കഴിയുന്നതിനാണ് സൗരഭ് വത്സയുടെ നിയമനം. ഇന്ത്യയിലെ വാഹന വ്യവസായത്തിന് മുന്നിലുള്ള അവസരങ്ങളും വെല്ലുവിളികളും കൃത്യമായി നേരിടുന്നതിനുള്ള കമ്പനിയുടെ പദ്ധതിയുടെ പ്രതിഫലനമാണ് ഈ നിയമനം.അലയൻസിന്റെ ഭാഗമായി ഇന്ത്യയിൽ 5300 കോടി രൂപ നിക്ഷേപിക്കാനും ഇന്ത്യൻ ഉപഭോക്താക്കൾക്കായി കൂടുതൽ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാനുമുള്ള തങ്ങളുടെ പ്രതിബദ്ധതയെയാണ് സൗരഭ് വത്സയുടെ നിയമനത്തിലൂടെ അടിവരയിടുന്നെതെന്ന് നിസാൻ ഇന്ത്യ ഓപ്പറേഷൻസ് പ്രസിഡന്റ് ഫ്രാങ്ക് ടോറസ് പറഞ്ഞു.

## 'ദ് ബിഗ് സ്പ്രിങ്' അവതരിപ്പിച്ച് ഫാബ് ഇന്ത്യ

**കൊച്ചി:** ഫാഷനും പരമ്പരാഗത കരകൗശലവസ്തുക്കളും സമന്വയിപ്പിച്ചുകൊുള്ള 'ബിഗ് സ്പ്രിംഗ്' ആഘോഷങ്ങളിൽ പങ്കു ചേരാൻ ലൈഫ് സ്റ്റൈൽ പ്രേമികളെ ക്ഷണിച്ചുകൊു ഫാബ് ഇന്ത്യ. ഫാഷനും സുസ്ഥിരതയും സമന്വയിപ്പിച്ചുകൊുള്ള ഈ ആഘോഷം ഫാബ് ഇന്ത്യയുടെ 350ലധികം വരുന്ന സ്റ്റോറുകളിലും ഓൺലൈനിൽ fabindia.comലും ഫാബ് ഇന്ത്യ ആപ്പിലുമായി ജനുവരി 9, 2024 മുതലാണ്. തിരഞ്ഞെടുക്കപ്പെട്ട കളക്ഷനുകളിൽ നിന്നായി സമകാലികമായി രൂപകൽപന ചെയ്ത കുർത്തകൾ, സാരികൾ, ഷർട്ടുകൾ, ട്രൗസറുകൾ തുടങ്ങി ഇന്ത്യൻ ആഭരണങ്ങൾ, ബാഗുകൾ, പാദരക്ഷകൾ എന്നിവയും ഫാഷൻ ലൈഫ്സ്റ്റൈൽ പ്രേമികൾക്ക് തിരഞ്ഞെടുക്കാം. ഫാബ് ഹോമിലെ ഹോം ലിനൻസ്, ഡീകോർ, ഗിഫ്റ്റ് ഐറ്റംസ് എന്നിവയിലും ഇത് ലഭ്യമാണ്.

## പ്രഥമ ഓഹരി വിൽപ്പനയ്ക്കാരുങ്ങി നോവ അഗ്രിടെക്ക്

**കൊച്ചി.** മുൻനിര കാർഷികോൽപ്പന്ന നിർമ്മാതാക്കളായ നോവ അഗ്രിടെക്ക് ലിമിറ്റഡിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഈ മാസം 22ന് ആരംഭിക്കും. ര് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരിയുടെ നിശ്ചിത വില 3941 രൂപയാണ്. ജനുവരി 24 ആണ് ക്ലോസിങ് തീയതി. ഏറ്റവും കുറഞ്ഞ ബിഡ് ലോട്ട് 365 ഇക്വിറ്റി ഓഹരികളാണ്. 11,200 ലക്ഷം രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും, ഓഹരിയുടമയായ നുടലപതി വെങ്കടസുബ്ബറാവുവിന്റെ കൈവശമുള്ള 77,58,620 ഓഹരികളുമാണ് ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. ഐപിഒയിലൂടെ സമാഹരിക്കുന്ന ഫ് മൂലധന ആവശ്യങ്ങൾക്കും പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനും പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കും.

Society Today | സൊസൈറ്റി ടുഡേ

# രാജ്യത്തിന്റെ വികസനത്തിൽ കേരളത്തിന്റേത് മികച്ച പിന്തുണ

**കൊച്ചി:** രാജ്യത്തിന്റെ പൊതുവായ വികസനത്തിൽ കേരളം നൽകുന്നത് മികച്ച പിന്തുണയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന്റെ ഉദാത്തമായ മാതൃകയാണ് കൊച്ചിൻ ഷിപ്പ് യാർഡിൽ ഉദ്ഘാടനം ചെയ്യുന്ന പദ്ധതികൾ. മെയ്ക്ക് ഇൻ ഇന്ത്യയിലെ അവിഭാജ്യഘടകമായി മെയ്ഡ് ഇൻ കേരള മാറുന്നതിന്റെ മറ്റൊരു ഉദാഹരണവും കൂടിയാണിത്. കൊച്ചിൻ ഷിപ്പ് യാർഡിൽനാലായിരം കോടി രൂപയുടെ പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി  നിർവഹിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഡ്രൈ ഡോക്കിന്റെയും അന്താരാഷ്ട്ര ഷിപ്പ് റിപ്പയറിംഗ് ഫെസിലിറ്റിയുടെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇറക്കുമതി ടെർമിനലിന്റെയും ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു.നാലായിരം കോടി രൂപയുടെ പദ്ധതികൾ കേരളത്തിന്റെ മണ്ണിൽ നിന്ന് രാജ്യത്തിനാകെ സമർപ്പിക്കുന്നുവെന്നത് നാടിനാകെ അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഡ്രൈ ഡോക്കിലും അന്താരാഷ്ട്ര റിപ്പയറിങ് ഫെസിലിറ്റിയിലും രണ്ടായിരം വീതം തൊഴിലവസരങ്ങൾ ലഭിക്കും. ആകെ നാലായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. മെയ്ഡ് ഇൻ കേരള ഉത്പന്നങ്ങൾ ഇന്ന് ഇന്ത്യയിൽ മാത്രമല്ല ലോകത്താകെ ശ്രദ്ധയാർജിക്കുകയാണ്. ഐ എസ് ആർ ഒ വിജയകരമായി വിക്ഷേപിച്ച ചാന്ദ്രയാൻ 3 മിഷനിലും ആദിത്യ മിഷനിലും കേരളത്തിൽ നിന്നുള്ള നിരവധി വ്യവസായ സ്ഥാപനങ്ങൾ പങ്കാളികളായിട്ടുണ്ട്. ചന്ദ്രയാൻ 3 മിഷനിൽ കേരളത്തിൽ നിന്നുള്ള ആറ് പൊതുമേഖലാ സ്ഥാപനങ്ങളും ഇരുപതോളം എം എസ് എം ഇ സ്ഥാപനങ്ങളുമാണ് പങ്കാളികളായത്. ആ ആദിത്യ മിഷനിൽ കേരളത്തിൽ നിന്നുള്ള നാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് പങ്കാളികളായത്. കേരളത്തിന്



അഭിമാനിക്കാൻ വകയുള്ള നേട്ടങ്ങളാണിവ. ചന്ദ്രയാൻ 3 ൽ ഉപയോഗിക്കപ്പെട്ട 41 ഇലക്ട്രോണിക്സ് മൊഡ്യൂളുകൾ നിർമ്മിച്ചു നൽകിയത് കെൽട്രോൺ ആണ്. കെ എം എം എല്ലിൽ നിന്നുള്ള ടൈറ്റാനിയം സ്പോഞ്ച് ഉപയോഗിച്ചുണ്ടാക്കിയ അലോയികളാണ്  ബഹിരാകാശ പേടകത്തിലെ ക്രിട്ടിക്കൽ കംപോണന്റ്സ് ഉണ്ടാക്കാൻ ഉപയോഗിച്ചത്. ടൈറ്റാനിയം,  അലുമിനിയം ഫോർജിംഗുകളും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും നിർമ്മിച്ചു നൽകിയത് സ്റ്റീൽ ആന്റ് ഫോർ ജിംഗ്സ് ലിമിറ്റഡ് ആണ്. ആവശ്യമായ സോഡിയം ക്ലോറൈറ് ക്രിസ്റ്റലുകൾ ലഭ്യമാക്കിയത് ടി.സി.സി. ആണ്. ആവശ്യമായ മെഷീൻ കംപോണൻസ് നിർമ്മിച്ചു നൽകിയത് കെ എ എല്ലും സിഡ്കോയും ആണ്. ഇന്ത്യയുടെ ആദ്യ സൗരപര്യവേക്ഷണ ഉപഗ്രഹമായ ആദിത്യ എൽ 1 വിക്ഷേപിച്ച പി എസ് എൽ വി റോക്കറ്റിൽ കെൽട്രോണിൽ നിർമ്മിച്ച 38 ഇലക്ട്രോണിക്സ് മോഡ്യൂളുകളാണ് ഉപയോഗിച്ചത്. ഇതുകൂടാതെ ദൗത്യത്തിനാവശ്യമായ വിവിധ തരം ഇലക്ട്രോണിക്സ് മോഡ്യൂളുകളുടെ ടെസ്റ്റിംഗ് സപ്പോർട്ടും കെൽട്രോണാണ് നൽകിയത്. റോക്കറ്റിന്റെ വിവിധ ഘട്ടങ്ങൾക്കുള്ള ഫോർജിങ്ങുകൾ തദ്ദേശീയമായി വികസിപ്പിച്ചു നൽകിയത് എസ് ഐ എഫ് എല്ലാണ്. മിഷന് ആവശ്യമായി വന്ന 150 മെട്രിക് ടൺ സോഡിയം ക്ലോറേറ്റ് ക്രിസ്റ്റലുകൾ ലഭ്യമാക്കിയത് ടി സി സിയാണ്. റോക്കറ്റിന്റെ സാറ്റലൈറ്റ് സെപ്പറേഷൻ സിസ്റ്റത്തിന് ആവശ്യമായ വിവിധതരം ഘടകങ്ങൾ ലഭ്യമാക്കിയതാകട്ടെ കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡാണ്. ഇങ്ങനെ ഇന്ത്യയുടെ യശസ്സ് അക്ഷരാർത്ഥത്തിൽ വാനോളം ഉയർത്തുന്നതിൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾ, പ്രത്യേകിച്ച് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ, വലിയ പങ്കാണ് വഹിക്കുന്നത്. അതിന്റെ മികച്ച ഉദാഹരണമാണ് കൊച്ചി വാട്ടർ മെട്രോയ്ക്കായി ഈ കൊച്ചിൻ ഷിപ് യാർഡ് തന്നെ ഉദ്പാദിപ്പിക്കുന്ന അത്യാധുനിക, പ്രകൃതി സൗഹൃദ ബോട്ടുകൾ. അവയുടെ രൂപകല്പനയിലും നിർമ്മാണത്തിലും വാട്ടർ മെട്രോയും ഷിപ് യാർഡും നല്ല നിലയിൽ സഹകരിച്ചിട്ടുണ്ട്. പൊതുമേഖലാ സഹകരണത്തിന്റെ ഉദാത്ത മാതൃകയാണത്. അതുകൊണ്ടുതന്നെ, ഇന്ന് അവയെ തേടി ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുവരെ ആവശ്യക്കാർ എത്തുന്നു എന്നത് കേരളത്തിനാകെ അഭിമാനകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മുളയുടെ അദ്ഭുതലോകം ഇനി അടുത്തപതിപ്പിൽ; കേരള ബാംബൂഫെസ്റ്റ് സമാപിച്ചു



**കൊച്ചി:** മുളയിലെ വർണാഭ ജീവിത കാഴ്ചകൾ ഇനി ബാംബൂ ഫെസ്റ്റിന്റെ അടുത്ത പതിപ്പിൽ. വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി  സംസ്ഥാന ബാംബൂ മിഷൻ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്) തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് ആറുദിവസങ്ങളിലായി സംഘടിപ്പിച്ച ഇരുപതാമത് കേരള ബാംബൂ ഫെസ്റ്റിനു വിജയകരമായ പരിസമാപ്തിയായി. ഒരിടവേളക്ക് ശേഷം അന്താരാഷ്ട്ര പ്രതിനിധ്യമുണ്ടായെന്ന നേട്ടത്തോടെയാണ് 20 ാമത്  മുള പ്രദർശന  വിപണ മേളയുടെ സമാപനം. സ്റ്റാളുകളുടെ എണ്ണത്തിൽ റെക്കോർഡിട്ട ഇത്തവണത്തെ മേളയിൽ കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി നാന്നൂറിൽപരം  കരകൗശല തൊഴിലാളികളും മുള അനുബന്ധ സ്ഥാപനങ്ങളും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഭാഗഭാക്കായി. 201 സ്റ്റാളുകളാണ് ഇക്കുറി മേളയിലയുണ്ടായിരുന്നത്; നാല് ഫുഡ് കോർട്ടുകളും രണ്ടു നഴ്സറികളും പുറമെ. സ്റ്റാളുകളുടെ എണ്ണം 180 പിന്നിടുന്നത് ഇതാദ്യം. മൂന്നു ലൈവ് ഡെമോ സംവിധാനങ്ങളും മേളയുടെ ഭാഗമായി.അന്താരാഷ്ട്ര പ്രതിനിധ്യമായി ജപ്പാനും 12 ഇതര സംസ്ഥാനങ്ങളും പങ്കെടുത്ത മേള ഉത്പന്നങ്ങളുടെ നവീനതയും വൈവിധ്യവും കൊണ്ടു ശ്രദ്ധേയമായി. ആവേശകരമായ മികച്ച പ്രതികരണമാണ് ഇരുപതാമത് ബാംബൂ ഫെസ്റ്റിന് ലഭിച്ചതെന്ന് കെബിപ് ജനറൽ മാനേജർ വാൻറോയ് പറഞ്ഞു. കാണാനെത്തിയവരുടെ എണ്ണത്തിലും ഉത്പന്നങ്ങളുടെ വിൽപ്പനയിലും ഏറെ മുന്നേറ്റമുണ്ടായി. അന്താരാഷ്ട്ര പ്രതിനിധികളായി ആദ്യമായി  കേരള ബാംബൂഫെസ്റ്റിൽ പങ്കെടുത്ത ജാപ്പനീസ് സംഘം തികഞ്ഞ സംതൃപ്തിയും സന്തോഷവും  അറിയിച്ചതിനൊപ്പം അടുത്ത ഫെസ്റ്റിലും തീർച്ചയായും പങ്കെടുക്കുമെന്ന് വ്യക്തമാക്കി.മേളയിൽ ഡെക്കറേറ്റിവ് ഉത്പന്നങ്ങൾക്കു വൻവിൽപനയാണ് ഉണ്ടായത്. ഇത് മുള സംരംഭർക്ക് ഏറെ ആദായം നൽകുന്നതും പ്രോത്സാഹനജനകവുമാണ്.

